CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# സീറോ മലബാർ സഭയുടെ വിവാഹ ക്രമങ്ങൾ

Christian Musicological Society of India

# സീറോ മലബാർ സഭയുടെ വിവാഹ ക്രമങ്ങൾ

## വധുവിന്റെയും വരന്റെയും ഭവനത്തിലേത്

ഉടയതമ്പുരാന്റെ അനന്തകാരുണ്യത്താലും പണ്ടുമുതലേ അന്യമതസ്ഥരുടെയും നാനാജാതി ജനങ്ങളുടെയും ഇടയിൽ ഈശോ മ്ശിഹായുടെ തിരുനാമം പ്രഘോഷിക്കുകയും അതിനനുസരിച്ച് ഏറിയ ത്യാഗം സഹിച്ച് വലിയ നിഷ്ഠയോടും ചിട്ടയോടുംകൂടി തങ്ങളുടെ കാരണവന്മാരു നടന്നു കാണിച്ചുതന്ന മര്യാദയ്ക്കും ജീവിതക്രമത്തിനും തങ്ങളാലാകുന്നതുപോലെ ഒരു ഭംഗവും വരുത്താതെ ജീവിച്ചുപോന്ന ജനതയാകയാലും, ഈ ജനതയുടെ ഇടയിൽ ആദ്യമായി സുവിശേഷം അറിയിച്ചവനും ക്രൈസ്തവസഭയ്ക്ക് അടിസ്ഥാനമിട്ടവനുമായ മാർത്തോമ്മാശ്ലീഹായുടെ യോഗ്യതകളാലും, ഈജിപ്തിലെ അനേകം രാജാക്കന്മാരുടെ ഭരണത്തിൻകീഴിൽ ഇസ്രായേൽ മക്കളെ ദൈവം വർദ്ധിപ്പിക്കുകയും പരിപാലിക്കുകയും ചെയ്തു എന്നതുപോലെതന്നെ നമ്മുടെ സഭയെയും അനേകം രാജാക്കളുടെയും പ്രഭുക്കളുടെയും ഭരണത്തിനു കീഴിൽ യാതൊരു നാശവും ക്ലേശവും വരുത്താതെ അന്നുമുതൽ ഇന്നുവരെ ദൈവം കാത്തു പാലിച്ചുപോരുകയും ചെയ്തു.

പാറേമ്മാക്കൽ മാർ തോമ്മാ കത്തനാർ (1736 - 1799)

*(വർത്തമാനപ്പുസ്തകം മുഖവുരയിൽ നിന്ന്)*



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*With the Blessings*

*of*

Mar Varkey Vithayathil

*(Major Arch-bishop of Syro Malabar Church)*

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

*First Edition*
3 July 2005
*Feast of Dhukrana*

# ഉള്ളടക്കം


1. മാർത്തോമ്മാ നസ്രാണികളുടെ വിവാഹ ആഘോഷങ്ങൾ

**ആരാധനാക്രമപരം**

2. മോതിരം കൊണ്ടുപോകുന്നതിന്റെ ക്രമം
3. കൈപിടുത്തത്തിന്റെ ക്രമം
4. മണിയറയുടെ കൂദാശയുടെ ക്രമം
5. മണിയറ അഴിക്കുന്ന ക്രമം

**ആരാധനാക്രമേതര ആചാരങ്ങൾ**

6. ചന്തം ചാർത്തുക.
7. മൈലാഞ്ചിയിടീൽ
8. വിവാഹ ദിവസത്തെ ചടങ്ങുകൾ
9. കല്യാണശേഷമുള്ള ചടങ്ങുകൾ
10. അടച്ചുതുറ
11. പാട്ടുകൾ

    മാർത്തോമ്മൻ നന്മയാലൊന്നു

    ചന്തം ചാർത്ത് പാട്ട്

    മയിലാഞ്ചിപ്പാട്ട്

    വാഴുപാട്ട് (വാഴ്വ് പാട്ട്)

    പൊന്നണിന്തീടും

    അടച്ചുതുറപ്പാട്ട്

    എണ്ണപ്പാട്ട്

    *കുളിപ്പാട്ട്*

    *വിളക്ക്തൊടീൽ പാട്ട്*

*12.* വെൺപാച്ചോറ് ഉണ്ടാക്കുന്ന വിധം


CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# മാർത്തോമ്മാ നസ്രാണികളുടെ വിവാഹ ആഘോഷങ്ങൾ

മാർത്തോമ്മാ നസ്രാണികളുടെ ജീവിതരീതികളിൽ ഏറ്റവും സുപ്രധാനമായ ഒന്നാണ് വിവാഹ ആചാരങ്ങൾ. പല വിദേശികളും ഇന്നും ആദരവോടെ വീക്ഷിക്കുന്ന ചടങ്ങുകളാണവ. പലപ്പോഴും അവർ അവ പ്രസ്താവിച്ചിട്ടുമുണ്ട്. നമ്മുടെ മറ്റേത് ആഘോഷങ്ങളെക്കാളും ആഡംബരപൂർവ്വം നടത്തപ്പെടുന്ന ഒന്നാണ് വിവാഹം. അത് കുടുംബത്തിന്റെയും അയൽക്കാരുടെയും ഒത്തുചേരലിന്റെ ഉത്സവം തന്നെയാണ്. ആധുനിക ജീവിത ശൈലിയിൽ ഇവയുടെ പ്രസക്തി നഷ്ടമായി പോകുന്നുണ്ട് എങ്കിലും ഇന്നും അവ നിലനിൽക്കുന്നു. നമ്മുടെ സമുദായത്തിലെ കുടുംബ ബന്ധങ്ങളുടെ പവിത്രതയും ദൃഢതയും കാത്ത് സൂക്ഷിക്കുന്നതിൽ ഈ അനുഷ്ഠാനങ്ങൾക്ക് സുപ്രധാനമായ സ്ഥാനമുണ്ട്. നമ്മുടെ കുടുംബ മൂല്യങ്ങൾ കൈമോശം വരാതെ സംരക്ഷിക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും ഊട്ടിയുറപ്പിക്കുന്നതിലും ഇവ അനന്യമായ സ്ഥാനം അർഹിക്കുന്നുണ്ട്.

കുടുംബാംഗങ്ങളുടെ മാത്രമല്ല, അയൽക്കാരുടെയും ബന്ധുമിത്രാദികളുടെയും കൂടിവരവും ആഘോഷമാണ് വിവാഹം. വിവാഹ തലേന്ന് എല്ലാവരും ചേർന്നിരുന്ന് ഭക്ഷണം തയാറാക്കുന്നതും, പന്തലിടുന്നതും ഒക്കെ നമ്മുടെ മനസ്സിലെ ഗ്രഹാതുരത്വമുണർത്തുന്ന മധുര സ്മരണകൾ തന്നെയായിരിക്കും. അപ്പോഴാണ് അവർ ഒത്തുകൂടി പഴയ ചരിത്രങ്ങൾ പറയുന്നതും, ബന്ധുത്വവും സൗഹൃദവും ഒക്കെ പുതുക്കുന്നതും. നമ്മുടെ സംസ്കാരത്തിന്റെ ഒരു ഭാഗമായിരുന്നു അത്. ഫോണും മറ്റും ഇല്ലാതിരുന്ന കാലത്ത് എല്ലാവരും ഒന്നിച്ച് കാണുന്നതും സംസാരിക്കുന്നതും ഇതുപോലുള്ള അവസരങ്ങളിലായിരുന്നു. വീട്ടിലെ ആചാരങ്ങളും ആഘോഷങ്ങളും ഒരു വശത്ത് നടക്കുമ്പോൾ പരമ പ്രധാനമായ ആരാധന ക്രമ പരികർമ്മം പള്ളിയിൽ നടക്കുന്നു. ഭവനത്തിലെ ആചാരങ്ങളിൽ യഹൂദ - ദ്രാവിഡ - ആര്യ പാരമ്പര്യങ്ങളുടെ ശ്രേഷ്ഠത നമുക്ക് കാണാനാകും. മോതിരം കൊടുത്ത് വിടൽ, കൈപിടുത്തം, ചന്തം ചാർത്ത്, മൈലാഞ്ചി ഇടീൽ, ദക്ഷിണ കൊടുക്കൽ, മാർഗ്ഗം കളി, സ്തുതി കൊടുക്കൽ, നെല്ലും നീരും വയ്ക്കൽ, നടവിളി തുടങ്ങിയവ ഈ ഗണത്തിൽ വരുന്നവയാണ്. ഇത് തന്നെയും വിവാഹത്തിന് മുൻപ് ഉള്ളവ, വിവാഹത്തിന് ശേഷം ഉള്ളവ എന്നിങ്ങനെ തരം തിരിക്കാം.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# മോതിരം കൊണ്ടുപോകുന്നതിന്റെ ക്രമം

ആദ്യം വൈദികൻ വധുവിന്റെ പ്രായം അന്വേഷിക്കുന്നു. അവൾക്ക് സഭ നിശ്ചയിച്ചിരിക്കുന്ന വിവാഹപ്രായം തികഞ്ഞിട്ടില്ലെങ്കിൽ അവളുടെ വിവാഹനിശ്ചയം നടത്തരുത്.

വരനും വധുവിനും തടസ്സങ്ങളൊന്നുമില്ലെങ്കിൽ, കശ്ശീശ സമൂഹത്തിലെ പ്രായം ചെന്നവരും പക്വതയുള്ളവരും ഉത്തമ ക്രിസ്തീയ ജീവിതം നയിക്കുന്നവരും, യദാർത്ഥ സാക്ഷ്യത്തിനായി പെൺകുട്ടിയെ നേരിട്ട് അറിയാവുന്നവരുമായ രണ്ട് സ്ത്രീകളുടെ കൈവശം മോതിരം കൊടുത്തയയ്ക്കുന്നു. ഇവർ ഇപ്രകാരം പറഞ്ഞുകൊണ്ട് പെൺകുട്ടിക്ക് മോതിരം ഇട്ടു കൊടുക്കുന്നു.

ഈ മോതിരം നിനക്കായി നിന്റെ മാതാപിതാക്കൾ (കാരണവന്മാർ) വിവാഹനിശ്ചയം ചെയ്തിട്ടുള്ള ...........ന്റെ മകനായ .........യുടെതാണ്. അവനെ നിന്റെ വരനായി സ്വീകരിക്കാൻ ഇഷ്ടമാണെങ്കിൽ മൗനമായിയിരിക്കുക. നിന്റെ സമ്മതം ഞങ്ങൾക്ക് തരികയും ചെയ്യുക. അവനിൽ നിനക്ക് ഇഷ്ടം തോന്നിയില്ലെങ്കിൽ ഈ മോതിരം ഊരിക്കളയുക.

മോതിരം ഊരി കളയുകയാണെങ്കിൽ ചടങ്ങുകൾ ഇവിടെ അവസാനിക്കും. എന്നാൽ അവൾ മോതിരം സ്വീകരിച്ച് മൗനമായി ഇരിക്കുകയാണെങ്കിൽ, പട്ടക്കാരുടെ പ്രാർത്ഥനകൾ, കാസയുടെ വാഴ്വ് , ഹ്നാന, മോതിരം, സ്ലീവ എന്നിവയാൽ വിവാഹ കൂദാശ പൂർത്തിയാക്കപ്പെടുന്നു. മണവാളനും മണവാട്ടിയും ഉപവാസത്തോടെ കാസയിൽ നിന്ന് പാനം ചെയ്യുകയും മണവാളനും മണവാട്ടിയും തോഴ്മക്കാരനും തോഴ്മക്കാരനും അതിനാൽ മുദ്രവെക്കപ്പെടുകയും വേണം.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കൈപിടുത്തത്തിന്റെ ക്രമം

*വധുവിന്റെ ഭവനത്തിൽ വച്ച് വൈദികന്റെ സാന്നിധ്യത്തിൽ വരന്റെയും വധുവിന്റെയും പിതൃസഹോദരന്മാർ (ഇല്ലെങ്കിൽ പിതൃവഴിയിലെ ഏറ്റവും അടുത്തയാൾ) തമ്മിലാണ് കൈപിടുത്തം നടത്തേണ്ടത്.*

*വരന്റെ പിതൃസഹോദരന്റെ (ഇല്ലെങ്കിൽ പിതൃവഴിയിലെ ഏറ്റവും അടുത്തയാളുടെ ) വലതുകൈ എടുത്തു കൊണ്ട് വൈദികൻ പറയുന്നു.*

കഹന (കാർമ്മി): പ്രിയ സഹോദരാ, മാമ്മോദീസാ വഴി നമ്മുടെ കർത്താവീശോ മ്ശീഹായെ ഏറ്റു പറയുന്ന നസ്രാണികളുടെ വിവാഹ ഉടമ്പടി മരണം വരെ നിലനിൽക്കുന്നതാണെന്ന് താങ്കൾക്ക് അറിവുള്ളതാണല്ലോ. ആയതിനാൽ .......ടെ മകനായ ......... എന്ന ആൾക്ക്, ...........ടെ മകളായ .........യെ, മ്ശീഹായുടെ കല്പനയും സുവിശേഷ നിയമവും ശ്ലൈഹിക നിയമവും ക്രിസ്തീയ നിയമവും അനുസരിച്ച് വധുവും തുണയുമായി സ്വീകരിക്കാൻ വിവാഹ ഉടമ്പടി ചെയ്യുവാൻ പരിപൂർണ്ണ ഹൃദയത്തോടും, നിഷ്കളങ്ക മനസ്സോടും, സംശയ രഹിതമായ സ്നേഹത്തോടും കൂടി നീ വന്നിരിക്കുകയാണല്ലോ. ഇത് ആത്മാവ് ശരീരത്തോടും മാംസം അസ്ഥിയോടും ചേർന്നിരിക്കുന്നതുപോലെ ഭർത്താവ് തന്റെ ഭാര്യയോട് ചേരും എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ അനുസരിച്ചാകുന്നു. പുരുഷൻ തന്റെ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോട് പറ്റിച്ചേരുമെന്നും, അവരിരുവരും ഒരു ശരീരമായിത്തീരുമെന്നും പഴയ നിയമത്തിലും പുതിയ നിയമത്തിലും എഴുതപ്പെട്ടിരിക്കുന്നുവല്ലോ. ഇപ്രകാരമാകുന്നു ഈശോ മ്ശീഹായിൽ വിശ്വസിക്കുന്നവരുടെ വിവാഹം.നിങ്ങൾക്ക് മധ്യേ ദൈവം സാക്ഷിയായിരിക്കട്ടെ. കർത്താവിന്റെ മാലാകമാരും, വിശ്വാസികളുടെ സമൂഹം മുഴുവനും അങ്ങയുടെ ഈ ഉടമ്പടിക്ക് സാക്ഷികളാകുന്നു.

*"അതെ" എന്ന് മറുപടി നൽകുന്നു.*

വധുവിന്റെ പിതൃസഹോദരന്റെ (ഇല്ലെങ്കിൽ പിതൃവഴിയിലെ ഏറ്റവും അടുത്തയാളുടെ) വലതുകൈ എടുത്തു കൊണ്ട് വൈദികൻ പറയുന്നു.



Christian Musicological Society of India

# മണിയറയുടെ കൂദാശയുടെ ക്രമം

*(വിവാഹ ദിവസം വൈകുന്നേരം നടത്തുന്നു)*

കഹനാ (കാർമ്മി): സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ......

ആനേൻ (ദൈവജനം): അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരേണമേ. അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ അങ്ങയുടെ സ്തുതിയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാകാമാരും മനുഷ്യരും അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ അങ്ങയുടെ നാമം പൂജിതമാകണമേ അങ്ങയുടെ രാജ്യം വരേണമേ അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലുമാകണമേ.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരേണമേ.ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ.എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേത് ആകുന്നു. ആമ്മേൻ.

കഹ്ന (കാർമ്മികൻ): *(ശൂവ്ഹാ ലാവാ ഉലവ്റാ വല്റൂഹാദ്കുദ്ശാ)*

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ആനേൻ (ദൈവജനം): *(മിൻ ആലം വാദ്മാല്ആലം ആമ്മേൻ വാമ്മേൻ)*

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

കഹ്ന (കാർമ്മികൻ): *(ആവൂൻ ദ് വശ്മയ്യാ.......)*

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

ആനേൻ (ദൈവജനം): അങ്ങയുടെ നാമം പൂജിതമാകണമേ.അങ്ങയുടെ രാജ്യം വരേണമേ.അങ്ങ് പരിശുദ്ധൻ,പരിശുദ്ധൻ, പരിശുദ്ധൻ.

## ഹൂത്താമ്മാ

കഹനാ (കാർമ്മി): പൂർവ്വ പിതാക്കന്മാരെ അനുഗ്രഹിക്കുകയും അവരെ ഉയർത്തി ശ്രേഷ്ഠരാക്കുകയും ലോകത്തിൽ അവരെ സന്തോഷിപ്പിച്ചു വർദ്ധിപ്പിക്കുകയും അവരുടെ വിവാഹത്തിന്റെ നിർമല ശയ്യയെ വാഴ്ത്തുകയും അവരെ പുത്രന്റെ അവകാശത്തിന് സ്നേഹവാൽസല്യ അവകാശികൾ ആക്കുകയും ചെയ്തവനായ ദൈവം തൻറെ ദാസരുടെ ഈ ശയ്യയെ വാഴ്ത്തുമാറാകട്ടെ. അവരുടെ മക്കളെ അലംകൃതരാക്കുവാനും സൽപ്രവർത്തികളാൽ അവരെ പ്രശോഭിതരാക്കുവാനും ഇവർ യോഗ്യരാവുകയും ചെയ്യുമാറാകട്ടെ. അങ്ങനെ ഞങ്ങളിൽ നിന്നും ഇവരിൽനിന്നും ഇവരുടെ ദേശത്തുനിന്നുളവാകുന്ന അനുഗ്രഹീത ഫലങ്ങളിൽ നിന്നും നിർമ്മല വിവാഹത്തെയും യഥാർത്ഥ യോജിക്കലിനെയും നൽകുന്നവനായ കർത്താവേ,നിനക്ക് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതി ഉയരുമാറാകേണമേ.(ഹാശാ +++ വവ് കോല്സ്വന് വല്ആലം അൽമീൻ.) ഇപ്പോഴും +++ എപ്പോഴും എന്നേക്കും.

*(മണിയറയുടെ കതകിൽമേൽ റൂശ്മ ചെയ്യുന്നു)*

ആനേൻ (ദൈവജനം): ആമ്മേൻ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മണിയറ അഴിക്കുന്ന ക്രമം

*(വിവാഹപ്പിറ്റേന്ന് നടത്തുന്നു)*

*ആവൂൻ ദ് വശമയ്യ...* (സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...)

## സ്ലോസാ

എന്റെ കർത്താവേ, നിൻ കൃപയാൽ ഈ ദാസരുടെ അടിസ്ഥാനങ്ങളെ ഉറപ്പിക്കുകയും നിന്റെ കരുണയാൽ ഇണചേരലിന്റെ കിടപ്പുമുറിയെ അനുഗ്രഹിക്കുകയും വിശുദ്ധമാക്കുകയും ചെയ്യണമേ. (ഇത്) നീ നിന്റെ മഹത്വപൂർണമായ ത്രിത്വത്തിന്റെ നാമത്തിൽ അനുഗ്രഹിക്കുകയും വിശുദ്ധമാക്കുകയും ചെയ്ത സക്കയിയുടെ വീട് പോലെയും ഭാഗ്യമിയന്ന ശ്ലീഹരുടെ മട്ടുപ്പാവുപോലെയും ആവണമേ. തങ്ങളുടെ മേലുള്ള നിന്റെ കരുതലിനെ പ്രതി നിന്നെ പുകഴ്ത്തുവാനും എല്ലാ സമയവും ചിരകാലം കുറവേതുമില്ലാതെ നിനക്ക് സ്തുതി കരേറ്റുവാനും ഇവരെ മറഞ്ഞതും വെളിവായതുമായ എല്ലാ ഉപദ്രവങ്ങളിൽ നിന്നും നിന്റെ ദൈവത്വത്തിന്റെ ശക്തിയാൽ കാക്കണമേ. *മാറാ ദ്കോൽ ആവാ വവ് റാ ഉറുഹാ ദ്കുദ്ശാ ല് ആൽമീൻ.*

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## മസ്മോറ

കർത്താവേ നിന്റെ മുഖ പ്രകാശത്തിൽ ഞങ്ങൾ നടക്കട്ടെ. /നിന്റെ നാമത്തിൽ ദിവസം മുഴുവൻ ആനന്ദിക്കട്ടെ. /നിന്റെ ധർമ്മിഷ്ഠതയിൽ ഉയർത്തപ്പെടട്ടെ./ എന്തെന്നാൽ ഞങ്ങളുടെ ശക്തിയുടെ മഹത്വം നീയാണ്. / നിന്റെ പ്രസാദത്തിൽ ഞങ്ങളുടെ കൊമ്പ് ഉയർത്തപ്പെടട്ടെ./ എന്തെന്നാൽ കർത്താവാണു ഞങ്ങളുടെ അഭയകേന്ദ്രം./ ഇസ്രായേലിന്റെ പരിശുദ്ധൻ നമ്മുടെ രാജാവും. തന്റെ ധർമ്മിഷ്ടരോട് ദർശനങ്ങളിൽ സംസാരിച്ചപ്പോൾ അവൻ അരുളിച്ചെയ്തു:/ ഞാൻ സഹായം ഒരുവനു ഉറപ്പു നൽകി /ജനത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവനെ ഞാൻ ഉയർത്തി./ എന്റെ ദാസനായ ദാവീദിനെ കണ്ടെത്തി./ എന്റെ പരിശുദ്ധിയുടെ തൈലം അവനെ പൂശി./ എന്റെ കരം അവനെ സഹായിച്ചു. എന്റെ ഭുജമാകട്ടെ അവന്റെ ശക്തിയും./



Christian Musicological Society of India

കരുണയും താഴ്ത്തിയിറക്കി നിന്റെ ആരാധകരായ ദാസരുടെ ഈ വീട്ടിൽ വസിപ്പിക്കണമേ. ഇതിൽ നിവസിക്കുന്നവരെ മറഞ്ഞിരിക്കുന്നതും വെളിപ്പെട്ടതുമായ എല്ലാ ഉപദ്രവങ്ങളിൽ നിന്നും കാക്കുകയും ചെയ്യണമേ. *മാറാ ദ്കോൽ. ആവാ വവ്റാ.....*

നീയാണ് കർത്താവും അടിസ്ഥാനവും.

കർത്താവേ നിന്റെ ശക്തിയാൽ മണവാളനെ സന്തോഷിപ്പിച്ചാലും. നിന്റെ കൽപനയാൽ മണവാട്ടിയെ ആനന്ദിപ്പിച്ചാലും നീയാണ് കർത്താവും അടിസ്ഥാനവും.

*ശുവ്ഹ... മിൻ ആലം* നീയാണ് കർത്താവും അടിസ്ഥാനവും.

## സ്ലോസാ

നീതിമാൻമാരും ധർമ്മിഷ്ഠരുമായ പിതൃക്കളുടെ എല്ലാ ഭവനങ്ങളെയും അനുഗ്രഹിച്ച പരി. ത്രിത്വം ഈ ഭവനത്തെയും അതിന്റെ നിവാസികളെയും മറഞ്ഞിരിക്കുന്നതും വെളിപ്പെട്ടതുമായ എല്ലാ ഉപദ്രവങ്ങളിൽ നിന്നും കാക്കുമാറാകട്ടെ. *മാറാദ് കോൽ.. ആവാ..*

CHRISTIAN MUSICOLOGICAL SOCIETY of INDIA

## ഓനീസാ

*(രീതി : കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു)*

**ഞാനാകട്ടെ കർത്താവേ നിന്നിലാകുന്നു ശരണപ്പെട്ടത്**

നാളെല്ലാം നിൻ പേർ
ഗമനമാമീ വാഴ്വിൽ
നിൻ അഭയേ വാഴ്ത്താൻ
മാറാ ദയാലോ ഇളപ്പരുള
ആരാധകവൃന്ദത്തിന്
കനിവാലവരെ ശുചി ചെയ്ക
ഐക്യേ നിന്നെ വാഴ്ത്തുമവർ

**അവർമേൽ നിൻ ശാന്തിയതിനാലേ.**

കർത്തൻ അരുളിയ പോൽ
വാക്കിൽ വിശ്വസ്തനല്ലോ



Christian Musicological Society of India

നിൻ വചനം പോൽ കപ്പലിൽ ആകുവാൻ. നിൻ സുവിശേഷത്തിൽ വിവരിച്ചതു പോലെയും. അവരുടെ മേൽ നിൻ അനുഗ്രഹങ്ങൾ ചൊരിഞ്ഞാലും. എല്ലാവരെയും നിൻ സ്ലീവായിൽ കാക്കുകയും ചെയ്താലും.

## തെശ്ബൊഹ്താ

വിണ്ണവരെയും മണ്ണവരെയും വിശുദ്ധമാക്കും കന്ദീശാ, നിൻ ആരാധകർ തൻ വീടിനെയും വിശുദ്ധമാക്കിയാലും. അതിനുള്ളിൽ നിൻ കൃപ കുടിയിരുത്തിയാലും. അവ്റാഹാം, ഇസ്ഹാക്ക്, യാക്കോവ് ഇവർക്കു നൽകിയ അനുഗ്രഹം, മാർ നിൻ ദാസർക്കും നൽകുകയും അവരുടെ ശയ്യകളെ കനിവാൽ വിശുദ്ധമാക്കുകയും ചെയ്താലും.

## സോഗീസാ

*(രീതി : തൂയൈ)*

നിൻ ആനന്ദം ഞങ്ങൾ മേൽ
വാഴട്ടെ നിൻ ശാന്തി ഞങ്ങളിൽ
ത്രിത്വം വസിക്കട്ടെ
ചിരകാലത്തോളമീ വീട്ടിൽ

ഞങ്ങൾ വസിക്കുമീ വീട്ടിൽ
ത്രിത്വവുമിവിടെ വസിക്കട്ടെ
ഉന്നത ഈറേ തൻ വാസം
ഇതിനെയും വാസികളെയും കാക്കുന്നു

മാറൻ കനിവിൽ അനുഗ്രഹിക്ക
ഞങ്ങൾ വസിക്കുമീ ഭവനത്തെ
നിൻ കൃപയിതിൽ വസിപ്പിക്ക
ഇപ്പോൾ മുതലനന്തത വരെ
കുമ്പിടിൻ സോദരരേ നിങ്ങൾ
മദ്ബഹാ, സ്ലീവാ മുമ്പിൽ
മാറൻ ശിഷ്യരെ അനുഗ്രഹിച്ചതാം



CHRISTIAN MUSICOLOGICAL SOCIETY OF INDIA
Christian Musicological Society of India

തീരാസ്നേഹത്തിൽ മത്തരാകും.

"കളവില്ലാ ആർദ്രതയിലെവിടെ
കൂടി സന്തോഷിച്ചാനന്ദിക്കുന്നുവോ
അവിടെ ഞാനവർതന്നിടയിൽ '
ശിഷ്യരോട് മാറനരുൾചെയ്തു.

നമ്മെ വസിപ്പിച്ച വീട് ധന്യം
ഇതിലെ വാസികളും ധന്യർ
നീതിമാൻ ഈയോവിൻ വീടുപോലെ
ആശിസുകളിതിൽ പെയ്യപ്പെടും.

രോഗികളോ മുറിവേറ്റവരോ
വന്ധ്യതയോ വന്ധ്യരായവരോ
നിങ്ങളിടയിൽ കാണാതിരിക്കട്ടെ
ആലാഹയെ ഭയപ്പെടുവോളം

ശ്ലാമയിൽ വാ വരനേ നിൻപക്കം
മാറൻ, നിൻ വരവും ധന്യം
മാഗോശെ കൂടെ താരം പോൽ
മെനോറയുമായി നിൻ കൂടെ ഞങ്ങളും

സകലരെയും അനുഗ്രഹിക്കും ആശിസും
ആരാധ്യനാലാഹ തൻ ശാന്തിയും
നമ്മുടെ കൂടെയായി കാക്കട്ടെ
ദുഷ്ടനിൽ നിന്നും സകല സമയവും

*(ആവൂൻ ദ് വശ്മയ്യാ)*

## സ്ലോസാ

കരുണയും അലിവും നിറഞ്ഞ സ്നേഹമാധുര്യത്തിന്റെ വലിയ കലവറയായ അലിവിന്റെ തൂകുന്ന നിധിയായ നിന്നോട് ഞങ്ങൾ സഹായവും വിടുതലും



Christian Musicological Society of India

# ചന്തം ചാർത്തുക

വിവാഹത്തലേന്ന് വരന്റെ ഭവനത്തിൽ വച്ച് നടക്കുന്ന ചടങ്ങ്. ചെറുക്കന്റെ വീട്ടുമുറ്റത്ത് പ്രത്യേകം തയ്യാറാക്കിയ പന്തലിൽ ഈ ചടങ്ങ് നടത്തുന്നു. വൈദീകരുടയും ബന്ധുമിത്രാദികളുടെയും കൂടെ ആഘോഷമായ റംശാ നമസ്കാരത്തിനു ശേഷമാണ് ചടങ്ങ് നടത്തുന്നത്.

ചടങ്ങിന് ആമുഖമായി ഹ്രസ്വമായ ഒരു വിവരണം കൊടുക്കുന്നത് ഉചിതമാണ്,ചടങ്ങിന്റെ ചരിത്രവും പ്രാധാന്യവും ആളുകൾക്ക് മനസ്സിലാകാൻ ഇത് സഹായകമാണ്.

1. കത്തിച്ച കോൽ വിളക്കും (നിലവിളക്കല്ല) വെള്ള വിരിച്ച ഒരു പീഠവും ചെറുക്കന്റെ പെങ്ങന്മാർ പന്തലിലെ വേദിയിൽ ഒരുക്കി വയ്ക്കുന്നു.

2. ചെറുക്കനെ അളിയന്മാർ പന്തലിലേക്ക് ആനയിച്ച് കിഴക്കിന് അഭിമുഖമായി വെള്ള വിരിച്ച പീഠത്തിൽ ഇരുത്തുന്നു.

3. 'മാർത്തോമ്മൻ നന്മയാലൊന്നു തുടങ്ങുന്നു...' എന്ന പാട്ട് പാടുന്നു.തുടർന്ന് ഗുരുക്കന്മാരെ വന്ദിച്ച് ചെറുക്കൻ അവർക്ക് ദക്ഷിണ കൊടുക്കുന്നു.

4. 'പതിനേഴ് പരിഷയ്ക്ക് മേൽ മാളോരോട് ചോദിക്കുന്നു, ചെറുക്കനെ ചന്തം ചാർത്തട്ടേ' എന്ന് ക്ഷൗരം ചെയ്യുന്ന ആൾ മൂന്ന് പ്രാവശ്യം അനുവാദം ചോദിച്ച് ചന്തം ചാർത്തുന്നു. ഈ സമയത്ത് 'ചന്തം ചാർത്ത് പാട്ട് ' പാടുന്നു. ചന്തം ചാർത്ത് പാട് കഴിഞ്ഞതിനുശേഷം ' റമ്പാൻ പാട്ട് ' പാടുന്നു.

5. ചന്തം ചാർത്തി കഴിയുമ്പോൾ ശരീരത്തിൽ തേയ്ക്കാനുള്ള എണ്ണ ചെറുക്കന്റെ പെങ്ങന്മാർ കൊണ്ടുവരുന്നു.ചെറുക്കനെ എണ്ണ തേയ്പ്പിക്കട്ടെ എന്ന് മൂന്നു പ്രാവശ്യം ചോദിച്ച് അനുവാദം വാങ്ങി എണ്ണ തേയ്ക്കുന്നു.

ഇതിന് ശേഷം ചെറുക്കനെ അളിയന്മാർ കുളിപ്പിക്കാൻ കൊണ്ടുപോകുന്നു.

6. കുളിച്ച് വരുന്ന ചെറുക്കനെ അളിയന്മാർ പുതിയ വസ്ത്രം അണിയിച്ച് മാലയും ഇടുവിച്ച് വീണ്ടും പീഠത്തിൽ ഇരുത്തുന്നു.

# മൈലാഞ്ചിയിടീൽ

വിവാഹത്തലേന്ന് വധുവിന്റെ ഭവനത്തിൽ വച്ച് നടക്കുന്ന ചടങ്ങ്. വൈദികരുടെയും ബന്ധുമിത്രാദികളുടെയും കൂടെ ആഘോഷമായ റംശാ നമസ്കാരത്തിനു ശേഷമാണ് ചടങ്ങ് നടത്തുന്നത്.

ചടങ്ങിന് ആമുഖമായി ഹ്രസ്വമായ ഒരു വിവരണം കൊടുക്കുന്നത് ഉചിതമാണ്,ചടങ്ങിന്റെ ചരിത്രവും പ്രാധാന്യവും ആളുകൾക്ക് മനസ്സിലാകാൻ ഇത് സഹായകമാണ്.

വെള്ളവസ്ത്രം വരിച്ച പീഠം ജ്യേഷ്ഠസഹോദരി സജ്ജീകരിക്കുന്നു. കത്തിച്ച കോലുവിളക്കു ( നിലവിളക്കല്ല) വയ്ക്കുന്നു.

പീഠത്തിന്മേൽ വസ്ത്രാഭരണ വിഭൂഷിതയായ പെണ്ണിനെ ജേഷ്ഠസഹോദരി കിഴക്കിനഭിമുഖമായി ഇരുത്തുന്നു. (നസ്രാണി സ്ത്രീകളുടെ പരമ്പരാഗത വസ്ത്രമായ ചട്ടയും മുണ്ടും ധരിക്കുന്നത് അഭിലഷണീയമാണ്)

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ജേഷ്ഠസഹോദരി മൈലാഞ്ചി അരച്ചത് പെണ്ണിന്റെ സമീപത്ത് കൊണ്ടുവന്ന് വെക്കുന്നു.

പാട്ടുകാർ 'മാർത്തോമ്മാൻ' എന്ന ഗാനം പാടുന്നു. തുടർന്ന് 'മൈലാഞ്ചിപ്പാട്ട്' ആരംഭിക്കുമ്പോൾ വല്യമ്മ പെണ്ണിന്റെ കയ്യിൽ മെയിലാഞ്ചി പുരട്ടി രണ്ടുകൈയും കൂട്ടുപിടിക്കുകയും പാട്ടിൽ വിവരിക്കുന്ന സമയം അനുസരിച്ച് നാലാം പാദത്തിലെ 'അന്നന്നുകന്നിമാർ മംഗല്യാംവാഴുവാൻ' ഇന്നു തുടങ്ങുമ്പോൾ കൈകാൽ നഖങ്ങൾ മുതലായ സ്ഥാനങ്ങളിൽ മൈലാഞ്ചി പുരട്ടുകയും ചെയ്യുന്നു. മൈലാഞ്ചിപ്പാട്ട് കഴിഞ്ഞതിനുശേഷം ' റമ്പാൻ പാട്ട് ' പാടുന്നു.

സഹോദരിമാർ 'മധുരം' (വെൺപാച്ചോറും ശർക്കരയും) കിണ്ടിയും കോളാമ്പിയും കൊണ്ടുവരുന്നു. വധുവിന്റെ പിതൃസഹോദരന്മാരിൽ മുതിർന്നയാൾ രണ്ടാം മുണ്ട് എടുത്തു അറ്റം രണ്ടും മുകളിലേക്ക് വരത്തക്കവിധം കത്രികപ്പൂട്ടിട്ട് തലയിൽ കെട്ടിയശേഷം 'മധുരം കൊടുക്കട്ടെ?' എന്നും മൂന്നുപ്രാവശ്യം

# വിവാഹ ദിവസത്തെ ചടങ്ങുകൾ

വധുവരന്മാർ പള്ളിയിലേക്ക് പുറപ്പെടുന്ന അവസരത്തിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തണം.

പ്രാർത്ഥനയ്ക്കുശേഷം മുതിർന്നവർക്ക് സ്തുതി ചൊല്ലുന്നു. ഈശോ മ്ശിഹായുടെ പ്രതീകമായി കത്തിച്ച കോലുവിളക്കു വയ്ക്കണം.

വധൂവരന്മാർ വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ വാഹനം വരെ (മുറ്റം വരെ) കത്തിച്ച കോലു വിളക്കുമായിട്ട് മുന്നിൽ നീങ്ങണം.

നസ്രാണി പാരമ്പര്യം അനുസരിച്ച് വിവാഹ ക്രമത്തിൽ വരന്റെ വലതു വശത്താണ് വധു നിൽക്കേണ്ടത്. യഹൂദ വിവാഹ ക്രമത്തിലും വിവാഹസമയത്ത് ഇങ്ങനെതന്നെയാണ് നിൽക്കുന്നത്.വരന്റെ വലതുവശത്തുള്ള വധുവിന്റെ സ്ഥാനം ബൈബിൾ അടിസ്ഥാനമാക്കിയുള്ളതാണ് (നിൻെറ വലത്തുവശത്ത് ഓഫീർ സ്വർണം അണിഞ്ഞ രാജ്ഞി നിൽക്കുന്നു. സങ്കീർത്തനങ്ങൾ 45: 9). യഹൂദ പാരമ്പര്യമനുസരിച്ച് വരൻ രാജാവും വധു രാജ്ഞിയുമാണ്.

CHRISTIAN MUSICOLOGICAL SOCIETY OF INDIA



Christian Musicological Society of India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കല്യാണശേഷമുള്ള ചടങ്ങുകൾ

'തഴക്കുട' പള്ളികളിൽ ഉണ്ടാകുന്നത് അഭികാമ്യമാണ്. തഴക്കുട എടുത്തതിനു ശേഷം 'നട വിളി' മൂന്നു പ്രാവശ്യം വിളിക്കുന്നു.

മണർക്കോലം തയ്യാറാക്കി കരിമ്പടവും അതിന്മേൽ വെള്ള വസ്ത്രവും വിരിച്ചിരിക്കണം.

മണർക്കോലത്തിനടുത്തു വിളക്ക് കത്തിച്ചു വച്ചിരിക്കണം.

വരന്റെ മാതാവും, കത്തിച്ച കോലുവിളക്കും നെല്ലും കുരുത്തോലയും ഇട്ട ജലവുമായി സഹോദരിയും വധൂ വരന്മാരുടെ സമീപത്തേക്ക് വരുന്നു. മണവാളന്റെയും മണവാട്ടിയുടെയും നെറ്റിയിൽ മൂന്നുപ്രാവശ്യം സ്ലീവാ വരയ്ക്കുന്നു. ഓരോ പ്രാവശ്യവും ജലത്തിൽ മുക്കിയാണ് സ്ലീവാ വായിക്കേണ്ടത്.

അതിനുശേഷം അമ്മാച്ചന്മാർ നവദമ്പതികളെ മണർക്കോലത്തിൽ കോണ്ടുപോയി വരന്റെ വലതുവശത്തായി വധുവിനെ ഇരുത്തുന്നു.

മണവാട്ടിയുടെ അമ്മ 'വാഴുപിടിക്കട്ടെ' - എന്ന് മൂന്ന് പ്രാവശ്യം ചോദിച്ചു അനുവാദം വാങ്ങണം. അനന്തരം വധൂവരന്മാരുടെ മുൻഭാഗത്ത് ഇട്ടിട്ടുള്ള ഉയർന്ന പീഠത്തിൽ അമ്മ നിൽക്കുന്നു. വരന്റെ വലതു വശത്താണ് വധു നിൽക്കേണ്ടത്. അമ്മ ഇടതു കരം വരന്റെ ശിരസ്സിലും വലതു കരം വധുവിന്റെ ശിരസ്സിലുമായി സ്ലീവകൃതിയിൽ (വലതുകരം ഇടതുകരത്തിന്റെ മുകൾഭാഗത്തായിരിക്കണം) വച്ച് വാഴ്‌വ് കൊടുക്കുന്നു.

തുടർന്ന് നവദമ്പതികളുടെ വായ് ശുദ്ധീകരിക്കുന്നതിനു കിണ്ടിയും വെള്ളവും കോളാമ്പിയും കൊണ്ടുവരുന്നു. കിണ്ടിയിൽ നിന്ന് വെള്ളം നൽകി നവദമ്പതികളുടെ വായ് കഴുകണം. ശേഷം ദമ്പതികൾക്ക് ഒരേ പാത്രത്തിൽ നിന്ന് പാലും പഴവും കൊടുക്കുന്നു.

ശേഷം 'പൊന്നണിന്തീടും' എന്ന പാട്ട് ആലപിക്കുന്നു.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# അടച്ചുതുറ

കല്യാണ വിരുന്ന് കഴിഞ്ഞ് വധുവിന്റെ അമ്മയും സഹോദരിമാരും വരന്റെ വീട്ടിൽ നാല് ദിവസം കൂടി തങ്ങുന്നു. നാലാം ദിവസം അടച്ചുതുറ നടത്തുന്നു. വരൻ മണവറയിൽ കയറി വാതിൽ അടയ്ക്കുന്നു.

കതക് അടയ്ക്കുമ്പോൾ ഉള്ള പാട്ട് *(അക്കാലം ബാവായും ഉമ്മായുമായി....)*

വരനോട് വധുവിന്റെ അമ്മ പുറത്ത് നിന്നും വാതിൽ തുറക്കാനായി ആവശ്യപ്പെടുന്നു.

ആദ്യമൊക്കെ നിരസിക്കുന്ന വരൻ അവസാനം വാതിൽ തുറക്കുന്നു. വാതിൽ തുറക്കാൻ ആവശ്യപ്പെട്ടുകൊണ്ട്

1. മങ്കതങ്കം മണവറയിൽ......
2. എന്റെ മകനെ നീ ഭംഗിമാൻ......

എന്നാരംഭിക്കുന്ന പാട്ടുകൾ പാടുന്നു.

ഇതിന് ശേഷം എണ്ണ തേച്ച് വരൻ കുളിക്കാൻ പോകുന്നു,അതിന് ശേഷം വധുവും.

കുളിക്കാൻ എണ്ണ പകരുമ്പോൾ ഉള്ള എണ്ണപ്പാട്ട്

(ആദിപെരിയോൻ തന്റെ ഏകയരുളാലെ......)

കുളിക്കുന്ന സമയത്ത് പാടുന്ന കുളിപ്പാട്ട്

(കുന്നുകുഴിച്ചു കുളിക്കടവും തൊറന്തീതേ.....)

കുളി കഴിഞ്ഞ് ഇരുവരും പുതുവസ്ത്രങ്ങൾ ധരിക്കുന്നു. വധുവിനുള്ള പുതുവസ്ത്രം വരനും വരനുള്ള പുതുവസ്ത്രം വധുവും പരസ്പരം കൈമാറുന്നു.ഇതോടെ വരന്റെ വീട്ടിലെ ആഘോഷം അവസാനിച്ചു.

പിറ്റേന്ന് രാവിലെ വധൂവരന്മാർ വധുവിന്റെ വീട്ടിലേക്ക് പോകുന്നു.അതിന് മുൻപ് വധുവിന്റെ അമ്മയ്ക്ക് വരൻ കച്ച നൽകുന്നു.

# പാട്ടുകൾ

*മാർത്തോമ്മൻ നന്മയാലൊന്നു*

മാർത്തോമ്മൻ നന്മയാലൊന്നു തുടങ്ങുന്നു

നന്നായി വരേണമേ ഇന്നു

ഉത്തമനായ മശിഹാ തിരുവുള്ളം

ഉണ്മയ് എഴുന്നൾക വേണം

കന്തീശനായാനെഴുന്നള്ളി വന്നിട്ട്

കർപ്പൂരപ്പന്തലകമേ

കൈകൂപ്പി നേർന്നുഞാൻ പെറ്റുവളർത്തോരു

കന്നി മകളെ ഞാൻ നിന്നെ.

തോളും തുടയും മുഖവും മണിമാറും

യോഗത്താലെ പരിശുണ്ട്

എന്റെ മകളെ പരമേറ്റി വയ്പ്പോളം

എൻമനസ്സോ പതറുന്നു

നെല്ലുമാനീരും  പരമേറ്റി  വച്ചാറെ

എൻമനസ്സോ തെളിയുന്നു

ചെമ്പകപ്പൂവിൻ നിറം ചൊല്ലാം പെണ്ണിനു

ചെമ്മേയരുൾപെറ്റ പെണ്ണ്

പെണ്ണിനെ കണ്ടവരെല്ലാരും ചൊല്ലുന്നു

ഉലകിലിവൾക്കൊത്തോരില്ല

നല്ലൊരു നേരം മണർക്കോലം പൂക്കാറെ

നന്നായ്ക വേണമിതെന്ന്

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## വാഴുപാട്ട് (വാഴ്വ് പാട്ട്)

വാഴ്വെന്ന വാഴു നിനക്കാകെ തന്നേൻ

നീയും നിൻ ഭർത്താവും മക്കളും കൂടെ

കാലം പെരുതായ് വാണിട്ടിരിക്കണം

വാഴ്വാനഭൂമീം ഫലമാകത്തന്നേൻ

പങ്കിട്ടു നിൻ മക്കൾ കൊള്ളുകയെന്നേകി

വീഴാതെ ശെൽവവും വിരിവുമതെല്ലാം

വിരിവാന വാഴ്വതെല്ലാം നിനക്ക്

വിത്താലിരട്ടിപ്പത്തെല്ലാം നിനക്ക്

അടിയാർക്കടിമ കൊടുപ്പതുംതാനെ

തിരുവുള്ളമാന വഴിയെ നടപ്പാൻ

മുടി ചൂടുമാറു പെരുമ കൊടുത്ത്

ധനവതിയെന്ന ശ്രീയേക്കൊടുത്ത്

താനൊരു നന്ദിയുണർച്ചയും വെച്ച്

കാരണേർ താൻ പെറ്റ വാഴുവതെല്ലാം

പെരിയോനരുളാലെ നിങ്ങൾക്കാകെയെന്ന്

അപ്പോഴേ പെട്ടി എടുത്ത് തുറന്ന്

ആഭരണത്തെ പെരിയത്താൻ വാങ്ങി

തുല്പനയ്ക്കൊത്ത മുറയാമപ്പൊന്നും

ഓരോന്നു നോക്കിത്തരം കണ്ടിട്ടവാറെ

ഇമ്പമായുള്ള വളകളുമിട്ടിട്ട്

ഇപ്പോളേയ്ക്കിത്ര വേണ്ടുവതെന്ന്



Christian Musicological Society of India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കല്യാണഘോഷത്താൽ നീരാടി വന്നിട്ട്

മണവാട്ടിയും തോഴിമാരും പന്തലകം പുക്ക്

വിതാനിച്ച പന്തലിൽ വിളക്കും തൂക്കീട്ട്

അഞ്ചുംനാലോമ്പത് തിരിയും തെറുത്തിട്ട്

വിളക്കിനു മൂന്നു വലംവച്ചാദരാൽ

ഭക്തിയാൽ കൈകൂപ്പി കുരിശും വരച്ചിതെ

കന്നിമറിയം തുണയാക ഞങ്ങൾക്ക്

പന്ത്രണ്ട് ശ്ലീഹന്മാർ നിലയാകെ വന്നിട്ട്

ആലാഹനായനുമൻപൻ മ്ശീഹായും

റൂഹായും കൂടെത്തുണയ്ക്കയിവർക്കെന്ന്.

## വെൺപാച്ചോറ് ഉണ്ടാക്കുന്ന വിധം

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അരി 1 കി.ഗ്രാം, തേങ്ങ 2 എണ്ണം, ചുവന്നുള്ളി 250 ഗ്രാം, ജീരകം 25 ഗ്രാം, കറിവേപ്പില പാകത്തിന്, ഉപ്പ് പാകത്തിന്

തേങ്ങ പിഴിഞ്ഞ് തലപ്പാൽ മാറ്റിവച്ച് ബാക്കി പാലിൽ (അരി വേകുന്നതിനു മുമ്പുള്ള വെള്ളം ഉണ്ടാകണം) അരി, ചുവന്നുള്ളി, ജീരകം, കറിവേപ്പില ഇവ വേവിക്കണം. തുടർന്ന് തലപ്പാൽ ഒഴിച്ച് തിളപ്പിച്ച് പാച്ചോർ വാങ്ങുക. പാകത്തിന് ഉപ്പ് ചേർക്കുക. അരി പകുതി വേവാകുമ്പോൾ മുതൽ വാങ്ങുന്നതുവരെ പാച്ചോറ് ഇളക്കിക്കൊണ്ടിരിക്കണം.



Christian Musicological Society of India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS